**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 470** **08-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സംവിധാനം പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ലബോറട്ടറി സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **സർക്കാർ മെഡിക്കൽ കോളേജുകൾ, ക്യാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ സുസജ്ജമായ ലബോറട്ടറി സംവിധാനം നിലവിലുണ്ട്. എന്നാൽ ആരോഗ്യ സേവന വകുപ്പുമായി ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിൽ / ആശുപത്രികളിൽ (പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് -ജില്ലാ - ജനറൽ ആശുപത്രികൾ) ലഭ്യമാകുന്ന ലബോറട്ടറി സേവനങ്ങൾക്കും സൗകര്യങ്ങൾക്കും ഏകീകൃത സ്വഭാവം ഇല്ലാത്ത സാഹചര്യം നിലവിലുള്ളതിനാൽ നവകേരളം കർമ്മ പദ്ധതി 2 ആർദ്രം മിഷന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ ഒരു സ്റ്റാൻഡേർഡൈസ്ഡ് മാതൃകയിൽ നിശ്ചിത തരം ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ 'നിർണയ' ഹബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ് വർക്ക് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തലത്തിലുള്ള ആശുപത്രികളിലെ ലബോറട്ടറികളിൽ ഗ്യാപ്പ് അനാലിസിസ് നടത്തുകയും കുറവുകൾ കണ്ടെത്തിയ ലബോറട്ടറികളിൽ അവ സജ്ജമാക്കുന്നതിനും, ലബോറട്ടറികൾ ഇല്ലാത്ത പ്രാഥമിക / കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 'നിർണയ' ഹബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ് വർക്ക് സംവിധാനം പൂർണതോതിൽ നിലവിൽ വരുമ്പോൾ പരിശോധനയ്ക്കുള്ള സാമ്പിൾ അതാത് ആരോഗ്യകേന്ദ്രത്തിലെ ലബോറട്ടറിയിൽ നൽകാൻ കഴിയുകയും പരിശോധന ആ ലബോറട്ടറിയിൽ ലഭ്യമല്ലെങ്കിൽ പരിശോധനാ സൗകര്യം ലഭ്യമായ ലബോറട്ടറിയിൽ അയച്ച് പരിശോധനാഫലം ഓൺലൈൻ ആയി ലഭ്യമാക്കാൻ കഴിയുകയും** |

| | | | |
|---|---|---|---|
| | | | **ചെയ്യും. ഇതുവഴി സമയബന്ധിതമായി വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ നിശ്ചിത എണ്ണം ലബോറട്ടറി ടെസ്റ്റുകൾ നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും അതിലുപരിയായി ആവശ്യം വരുന്ന ടെസ്റ്റുകൾ 'നിർണയ' ഹബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ് വർക്ക് സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്നുവെന്നതും ഉറപ്പാക്കാൻ കഴിയും. ഈ സാമ്പത്തിക വർഷം അവസാനത്തോടെ 'നിർണയ' ഹബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ് വർക്ക് സംവിധാനം പൂർണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (ബി) | പ്രാഥമിക തലങ്ങളിലെ ആശുപത്രികളിൽ വേണ്ടത്ര സൗകര്യമില്ലാത്തതും ടെക്നീഷ്യൻമാരുടെ കുറവും മൂലം പാവപ്പെട്ട രോഗികൾ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരുന്നത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | 'നിർണയ' ഹബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ് വർക്ക് സംവിധാനത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം പ്രാഥമികാരോഗ്യ /കുടുംബാരോഗ്യകേന്ദ്ര തലത്തിൽ 62 പരിശോധനകളും, സാമൂഹ്യാരോഗ്യകേന്ദ്ര/ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രതലത്തിൽ 81 പരിശോധനകളും, താലൂക്കാസ്ഥാന/താലൂക്ക് തലത്തിൽ 96 പരിശോധനകളും, ജില്ലാ/ജനറൽ ആശുപത്രി തലത്തിൽ 131 പരിശോധനകളും സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ താഴെത്തട്ടിലുള്ള ലാബുകളെ (എഫ് എച്ച് സി /യു പി എച്ച് സി /പി എച്ച് സി ) സി എച്ച് സി/താലൂക്ക് ആസ്ഥാന/ജില്ലാ ആശുപത്രി ലാബുകളുമായി ബന്ധിപ്പിച്ചു കൊണ്ട് പ്രാഥമിക തലത്തിൽ ലഭ്യമല്ലാത്ത ടെസ്റ്റുകൾ പൂർത്തീകരിക്കുന്നതിനുള്ള മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് -ജില്ലാ - ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിലെ ലബോറട്ടറിയിൽ ലഭ്യമല്ലാത്ത പരിശോധനകൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആൻഡ് ക്ലീനിക്കൽ ലബോറട്ടറിയുടെ ആസ്ഥാന / റീജിയണൽ / ജില്ലാ ലബോറട്ടറികളിലും പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന സേവനവും ഇതിൽ ലഭ്യമാണ്. |
| (സി) | സ്വകാര്യ ലാബുകളെപ്പോലെ സാമ്പിൾ ശേഖരിച്ച് കൂടുതൽ സൗകര്യമുള്ള ലാബുകളിൽ എത്തിച്ച് പരിശോധിക്കുന്ന സംവിധാനം സർക്കാർ ആശുപത്രികളിലെ ലാബുകളിലും ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>സർക്കാർ മേഖലയിലെ ലബോറട്ടറികളെ ഹബ് & സ്പോക്ക് മാതൃകയിൽ ബന്ധപ്പെടുത്തുന്നത് വഴി ഗുണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കി, കുറഞ്ഞ നിരക്കിൽ പരിശോധനകൾ ലഭ്യമാക്കുക എന്നതാണ് 'നിർണ്ണയ' ഹബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ് വർക്ക് |

| | | | |
|---|---|---|---|
| | | | സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം തന്നെ ഈ സംവിധാനം എല്ലാ ജില്ലകളിലും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ടും മറ്റു ലഭ്യമായ ഫണ്ടും ഉപയോഗിച്ച് സ്പോക്കുകളായ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് പ്രാഥമിക ഹബ്ബുകളിലേക്കും സെക്കണ്ടറി ഹബ്ബുകളിലേക്കും സ്പോക്കുകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ പ്രത്യേകമായി കൊണ്ടുപോയി ആയതിന്റെ പരിശോധനാഫലം തിരിച്ചു സ്പോക്കുകൾ വഴിതന്നെ ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കി വരുന്നു. ഇ-ഹെൽത്ത് സംവിധാനം വഴി റിസൾട്ടുകൾ രോഗികൾക്ക് നേരിട്ട് മൊബൈൽ വഴി ലഭ്യമാക്കുന്നതിന് വേണ്ട നടപടികളും പുരോഗമിക്കുന്നു. പതിവ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകൾക്ക് പുറമെ സെക്കണ്ടറി തലത്തിൽ നടത്തേണ്ട വിപുലമായ ഡയഗ്നോസ്റ്റിക് പരിശോധനകളായ ടി.ബി., കാൻസർ രോഗ നിർണ്ണയം, മെറ്റബോളിക് സ്ക്രീനിംഗ്, ഔട്ട് ബ്രേക്ക് രോഗ നിർണ്ണയം, സാംക്രമിക രോഗ നിർണ്ണയം/നിരീക്ഷണം, എ.എം.ആർ നിരീക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.<br><br>ലാബുകളുടെ ശാക്തീകരണം ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്തു നടപ്പാക്കി വരുന്ന ഏകാരോഗ്യം പദ്ധതിയിൽ ഉൾപ്പെടുത്തി സങ്കീർണ്ണ രോഗ നിർണ്ണയത്തിന് ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ സജ്ജീകരിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു. |
| (ഡി) | സർക്കാർ ആശുപത്രികളിലെ ലാബ് സംവിധാനം പരിഷ്കരിക്കുവാൻ പുതിയ പദ്ധതി അവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഉത്തരം (സി) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ